# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2371 20.06.2012-ൽ മറുപടിയ്ക്ക്

## കൂടരഞ്ഞി ഗ്രാമീണ ശുദ്ധജല പദ്ധതി

| ചോദ്യം<br>ശ്രീ. സി. മോയിൻകുട്ടി | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ.) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും കിണറും പമ്പ് ഹൗസും വെള്ളപ്പൊക്കത്തിൽ ഉപയോഗ ശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ.) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി.) ശുദ്ധജലക്ഷാമം രൂക്ഷമായിട്ടുള്ള മലയോര പ്രദേശം എന്നത് കണക്കിലെടുത്ത് ഇവ പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിട്ടുള്ളത്; | (ബി) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ജലവിതരണ പദ്ധതി 6/2003-ൽ സർക്കാർ നിർ ദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറിയതാണ്, കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ജലവിതരണം. പിന്നീട് ജലനിധി ഏറ്റെടുത്തതുമാണ്. മേൽകിണറും പമ്പ് ഹൗസും, 2010-ൽ വെള്ളപ്പൊക്കത്തിൽ ചരിഞ്ഞ് ഉപയോഗ ശൂന്യമായത് പുനർ നിർമ്മിക്കുവാനായി ബഹു. എം.എൽ.എ ശ്രീ. മോയിൻകുട്ടി അവർകളുടെ 8.12.2011 പരാതി പ്രകാരം ആവശ്യപ്പെട്ടകയുണ്ടായി എന്നാൽ പഞ്ചായത്തിന് കൈമാറിയ പദ്ധതിയുടെ അറ്റകുറ്റ പണികളും പുനർ നിർമ്മാണവും വാട്ടർ അതോറിറ്റിയുടെ പരിധിയിൽ |

| | | | |
|---|---|---|---|
| | | | ഉൾ പ്പെടാത്തതിനാൽ ഇവ പുനർ നിർമ്മിക്കുന്നതുനുള്ള നടപടികൾ സ്വീകരിക്കുവാൻ ജലനിധിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഏത് ഏജൻസിവഴിയാണ് പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | മേൽ പദ്ധതി 2003-ൽ ജലനിധി ഏറ്റെടുത്തതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് നിലവിലുള്ള നിയമ പ്രകാരം ഇതിന്റെ പുനർ നിർമ്മാണം ഏറ്റെടുക്കാൻ കഴിയില്ല. |
| (ഡി) | ആയതിന് എന്ന് അനുമതി നൽകാനാകുമെന്ന് അറിയിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ